**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1457** **16-10-2026-ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടലിലെ കൃഷിനാശം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ സംഭവിച്ച ആകെ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

**മറുപടി:** വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ 420 കർഷകർക്ക് 57,40,376/- രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.

**(ബി)** ആകെ എത്ര പേർക്ക് ഭൂമി പുനരുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടമായി എന്ന് അറിയിക്കാമോ;

**മറുപടി:** വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ ആകെ 23.681 ഹെക്ടർ കൃഷി ഭൂമിയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പുനരുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെട്ടുപോയ കൃഷി ഭൂമിയുടെ അളവ് സംബന്ധിച്ച വിവരങ്ങൾ വേർതിരിച്ച് അന്തിമമാക്കിയിട്ടില്ല.

**(സി)** ഉരുൾപൊട്ടൽ കാരണമുണ്ടായ കൃഷിനാശത്തിന് ഓരോ കുടുംബത്തിനും നഷ്ടപരിഹാരമായി എത്ര രൂപ വീതമാണ് മുൻ സർക്കാർ അനുവദിച്ചതെന്നും പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ടോ എന്നും വിശദമാക്കുമോ;

**മറുപടി:** എയിംസ് പോർട്ടൽ വഴി ലഭ്യമായ 420 അപേക്ഷകൾ പ്രകാരം ആകെ 57,40,376/- രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതമായ 6,90,734/- രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 23.681 ഹെക്ടർ കൃഷിഭൂമി നഷ്ടപ്പെട്ടതിന് 300 കർഷകർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19,69,290/- രൂപ ധനസഹായം കണക്കാക്കി ക്ലെയിം സമർപ്പിച്ചു. 287 കർഷകർക്ക് 19,04,290/- രൂപ വിതരണം ചെയ്തു. 13 കർഷകർക്ക് 65,000/- രൂപ വിതരണം ചെയ്യുവാനുണ്ട്.

**(ഡി)** നഷ്ടപ്പെട്ടുപോയ കൃഷിഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** ഇത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**